പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 4175 18.10.2011 ലെ മറുപടിക്ക്

## മെസ്ഗേൾ തസ്തികയിലേക്കുള്ള ഇന്റർവ്യൂ

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ.പി.സി. ജോർജ് | | ശ്രീ. എ.പി.അനിൽ കുമാർ, (പട്ടികജാതി -പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) മുൻ സർക്കാരിന്റെ കാലത്ത്, തിരുവനന്തപുരത്ത് പൂച്ചെടി വിളയിലെ പെൺകുട്ടികളുടെ ഹോസ്റ്റലിൽ മെസ്ഗേൾ തസ്തികയിലെ നാല് ഒഴിവുകളിലേക്ക് 28.2.2011 ന നടന്ന ഇന്റർവ്യൂ പ്രകാരം നിയമന ഉത്തരവ് നൽകിയോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; | (എ) | നിയമന ഉത്തരവ് നൽകിയിട്ടില്ല; ഹോസ്റ്റൽ പ്രവർത്തനം ആരംഭിക്കാൻ കഴിയത്തക്ക തരത്തിൽ ഹോസ്റ്റൽ കോമ്പൗണ്ടിലെ അഡീഷണൽ ബ്ലോക്കിന്റെ പണികൾ പൂർത്തിയാകാത്തതിനാലാണ് നിയമന ഉത്തരവ് നൽകുന്നതിന് കാലതാമസം നേരിടുന്നത്. |
| (ബി) 28.11.2007 ലെ 2877/ജി3/06 തൊഴിൽ- നമ്പർ സർക്കുലറിലെ ഇന്റർവ്യൂ സംബന്ധമായ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടാണോ പ്രസ്തുത ഇന്റർവ്യൂ നടത്തിയത്; ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ; | (ബി) | സർക്കുലറിലെ ഇന്റർവ്യൂ സംബന്ധിച്ച നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചിട്ടില്ല; അദ്ധ്യയന വർഷം തുടങ്ങുമ്പോൾ തന്നെ ഹോസ്റ്റൽ പ്രവർത്തനം ആരംഭിക്കുന്നതിലേക്ക് മെസ്സ് ഗേൾ തസ്തികയിൽ നിയമനം നടത്തേണ്ടതിനാലും മാർച്ച് മാസത്തോടെ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വരാൻ സാദ്ധ്യതയുള്ളതിനാലും ഇന്റർവ്യൂ വളരെ വേഗത്തിൽ നടത്തിയതിനാൽ സർക്കുലറിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കാൻ കഴിഞ്ഞിരുന്നില്ല. |

| | | |
|---|---|---|
| (സി) ചട്ടപ്രകാരമല്ലാതെ നടത്തിയ പ്രസ്തുത ഇന്റർവ്യൂ റദ്ദാക്കി, അതേ ലിസ്റ്റിലുള്ളവർക്ക് വീണ്ടും ഇന്റർവ്യൂ നടത്തി യോഗ്യരായവരെ തെരഞ്ഞെടുക്കാൻ നടപടി സ്വീകരിക്കുമോ ; | (സി) | പുതിയ തെരഞ്ഞെടുപ്പ് നടത്താൻ നിലവിൽ നടപടി സ്വീകരിച്ചിട്ടില്ല. |
| ഡി)പ്രസ്തുത ഒഴിവിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട എംപ്ളോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | ഡി) | തെരഞ്ഞെടുക്കപ്പെട്ടവരുടെ വിവരങ്ങൾ തിരുവനന്തപുരം ജില്ലാ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| ഇ)അപ്രകാരം യഥാസമയം അറിയിക്കാത്തതിനാൽ, നിശ്ചിത പ്രായപരിധി കഴിയാറായവർ ഉൾപ്പെടെ തെരഞ്ഞെടുക്കപ്പെടാത്തവരുടെ അവസരം നഷ്ടപ്പെട്ടുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ ; | ഇ) & എഫ്) | പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (എഫ്) വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ ചട്ടപ്രകാരമുള്ള അച്ചടക്ക നടപടികൾ സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ